**ലോകത്തു തെങ്ങുകൃഷിയുള്ള 94 രാജ്യങ്ങളിൽ ഇന്ത്യയിൽ മാത്രമാണ് നീര ഉത്പാദനത്തിനു നിയമ നിയന്ത്രണങ്ങൾ നേരിടുന്നത്. നീര എന്നത് കള്ളല്ലെന്നു ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടും അതിന്റെ ഉത്പാദന തടസ്സങ്ങൾ ലഘൂകരിക്കാൻ അധികൃതർക്കു കഴിയുന്നില്ല. കേരളത്തിൽ നീര വ്യവസായം വളരരുത് എന്നാഗ്രഹിക്കുന്ന ചിലരെങ്കിലും നമ്മുടെ ഭരണ നേതൃത്വത്തിലോ ഉദ്യോഗസ്ഥ നേതൃത്വത്തിലോ ഉണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരകർഷകനോടുള്ള വിശ്വാസക്കുറവും വിദേശ കോള കമ്പനികൾക്കു കാലാകാലം കീഴടങ്ങിയുള്ള ഭരണകൂട വിധേയത്വവുമാണു നീര ഉത്പാദനം അവഗണിക്കപ്പെടുന്നതിനു പിന്നിൽ. കഴിഞ്ഞ സംസ്ഥാന ബജറ്റിൽ നീരക്കുവേണ്ടി വകയിരുത്തിയ 15 കോടിയിൽ ഒരു രൂപപോലും കേരകർഷകനു ലഭിച്ചിട്ടില്ല. നീരയെ സംസ്ഥാനത്തിന്റെ ലഘുപാനീയമാക്കി മാറ്റാത്തതിന്റെ കഴിവുകേടിന് സത്യത്തിൽ മാപ്പില്ലെന്നുതന്നെ പറയേണ്ടിവരുന്നു.**



ലോകത്തിന്റെ ദാരിദ്ര്യനിർമാർജനത്തിനൊരു പോംവഴിയെന്നു നീരയെ വിശേഷിപ്പിച്ചത് മറ്റാരുമല്ല, നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ്. ദുരിതങ്ങൾക്കുള്ള പ്രതിവിധിയായി അദ്ദേഹം ഏഴു പതിറ്റാണ്ടുമുമ്പ് നിർദേശിച്ച നീരയുടെ ഇന്നത്തെ അവസ്ഥ എന്താണ്? പ്രത്യേകിച്ചു കേരങ്ങളുടെ സ്വന്തം നാടായ കേരളത്തിൽ? ഒരുകാലത്തു കൽപവൃക്ഷമെന്നു വാഴ്ത്തപ്പെട്ടിരുന്ന തെങ്ങും തെങ്ങുകർഷകരും ഇന്നു ആർക്കും വേണ്ടാത്തവരായി തീർന്നിരിക്കുന്നു. അന്ത്യശ്വാസം വലിക്കുന്ന നാളികേര കർഷകനു അവസാന പ്രതീക്ഷയെന്ന നിലയിലാണു നീരയെ മഹാസംഭവമായി നമ്മുടെ ഭരണകൂടം അടുത്തിടെ ഉയർത്തിക്കൊണ്ടുവന്നത്. പക്ഷേ സർക്കാരിന്റെ പ്രത്യേകിച്ച് എക്സൈസ്, കൃഷി വകുപ്പുകളുടെ മൂപ്പിളമ തർക്കത്താലും ചില ഉദ്യോഗസ്ഥരുടെ ഉദാസീനമനോഭാവത്താലും കേരകർഷകനു മികച്ചൊരു വരുമാനമാർഗവും സർക്കാരിനു കോടികളുടെ അധിക നികുതിയും സമ്മാനിക്കുമായിരുന്ന നീരയുടെ ഉത്പാദനവും വിപണനവും അട്ടിമറിക്കപ്പെടുകയാണ്.

സംസ്ഥാനത്തു 8.20ലക്ഷം ഹെക്ടർ സ്ഥലത്തായി 18കോടി തെങ്ങുകളുണ്ടെന്നാണ് കണക്ക്. ഇതിൽ നാലു കോടിയോളം തെങ്ങുകൾ നീര ഉത്പാദനത്തിനു അനുയോജ്യമാണെന്നും നീര ഉത്പാദിപ്പിക്കുന്ന ഒരു തെങ്ങിൽ നിന്നും പ്രതിമാസം കുറഞ്ഞത് 1500രൂപയെങ്കിലും കർഷകനു ലഭിക്കുമെന്നുമാണ് പഠനങ്ങൾ തെളിയിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പത്തുശതമാനം തെങ്ങുകളിൽനിന്നും നീര ടാപ്പ് ചെയ്തു ലിറ്ററിനു 100 രൂപക്ക് വിൽപന നടത്തുന്നുവെന്ന് കണക്കാക്കിയാൽ കേരളത്തിനു ലഭ്യമാകുന്ന പ്രതിവർഷ വരുമാനം 54,000 കോടിരൂപയാണ്. ഇതിൽ 27,000കോടി കർഷകനും 13,500 കോടി നീര ടെക്നീഷ്യൻമാർക്കും ലഭ്യമാകും. കൂടാതെ ഇതിൽനിന്നും സംസ്ഥാനത്തിനു അധിക നികുതി വരുമാനമായി 4,050കോടി രൂപയും ലഭിക്കും. സാഹചര്യം ഇതായിരിക്കേയാണ് നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാൻ സംസ്ഥാന സർക്കാർ എന്തുകൊണ്ട് തയ്യാറാകുന്നില്ല എന്നു ചിന്തിക്കേണ്ടി വരുന്നത്. നീരയെ ഇനിയും കേരളത്തിന്റെ ലഘുപാനീയമാക്കി മാറ്റാത്തതിന്റെ കഴിവുകേടിന് സത്യത്തിൽ മാപ്പില്ലെന്നുവേണം പറയാൻ.



# അട്ടിമറിക്കപ്പെടുന്ന നീരവിപ്ലവം

എത്രനാളത്തെ കാത്തിരിപ്പിനുശേഷമാണ് ഈ ജനുവരിയിൽ 157 നാളികേര ഉത്പാദക ഫെഡറേഷനുകൾക്കു ലൈസൻസ് ലഭിച്ചതെന്നോർക്കണം. ലോകത്തു തെങ്ങുകൃഷിയുള്ള 94രാജ്യങ്ങളിൽ ഇന്ത്യയിൽ മാത്രമാണ് നീര ഉത്പാദനത്തിനു നിയമ തടസ്സമുണ്ടായിരുന്നത്. കേരകർഷകരോടുള്ള വിശ്വാസക്കുറവും വിദേശ കോളകമ്പനികൾക്കു കാലാകാലം കീഴടങ്ങിയുള്ള ഭരണകൂടങ്ങളുടെ വിധേയത്വവുമാണ് നീരചെത്ത് അവഗണിക്കപ്പെട്ടതിന്റെ പിന്നിൽ എന്നുവേണം കരുതാൻ. കേരളത്തെ സംബന്ധിച്ചു തെങ്ങിൽ നിന്നും ചെത്തുന്നതെല്ലാം കള്ളാണെന്നു ധരിക്കുന്ന ചില ഭരണാധികാരികൾ ഇപ്പോഴും നീരയെ നിയമക്കുരുക്കുകളുടെ തടവറയിലാക്കിയിരിക്കുകയാണ്. നിലവിൽ ലൈസൻസുള്ള 173 സമിതികൾക്ക് നീര ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് തടസ്സമുണ്ടാകില്ലെങ്കിലും പുതിയ സംരംഭകർ ഈ രംഗത്തേക്കു വരാൻ മടിക്കുന്നതിന്റെ പ്രധാനകാരണം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന ഉദാസീനസമീപനം തന്നെ. കൂടുതൽ നീര ചെത്ത് ഫെഡറേഷനുകൾ രൂപീകരിക്കാൻ അവസരം ഒരുക്കുകയും അവർക്കു ലൈസൻസ് നൽകി നീര ഉത്പാദനവും വിപണനവും വ്യാപകമാക്കാൻ ശ്രമിക്കേണ്ടതിനു പകരം ഇപ്പോഴും വകുപ്പുകളും മന്ത്രിമാരും ഉദ്യോഗസ്ഥരും പാരയും പോരും തുടരുകയാണ്.

അവസരങ്ങളുടെ അക്ഷയഖനിയായ നീര പദ്ധതി അട്ടിമറിക്കപ്പെടേണ്ടത് ആരുടെയെങ്കിലും നിക്ഷിപ്ത താൽപര്യമാണെന്നു പറഞ്ഞാൽ നിഷേധിക്കാനാകുമോ? നീരവിപ്ലവം കേരളത്തിൽ സാധ്യമായാൽ സംസ്ഥാനത്തെ കർഷക കൂട്ടായ്മകൾ ശക്തിപ്രാപിക്കും. സ്വയം തൊഴിലിനൊപ്പം ഇവിടത്തെ നാളികേര കർഷകർ സ്വയം സംരംഭകനായി തീരും. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനവും സാമ്പത്തിക വളർച്ചയും കുതിച്ചുയരും. കേരളം ഒരിക്കൽക്കൂടി ലോകത്തിന്റെ നെറുകയിലെത്തും. പഴമകളിൽ മാത്രം പൂത്തുലഞ്ഞുകൊണ്ടിരുന്ന കേരം തിങ്ങും കേരളനാട് എന്ന ആപ്തവാക്യം വീണ്ടും ഉയർത്തെഴുന്നേൽക്കും. പക്ഷേ ഇതൊക്കെ 'എന്തുനല്ല നടക്കാത്ത സ്വപ്നമെന്ന' ദാസന്റെയും വിജയന്റെയും സംഭാഷണത്തിനു പശ്ചാത്തലമൊരുക്കുന്ന നടപടികളാണു നിർഭാഗ്യവശാൽ നമ്മുടെ ഭരണ



കൂടം സ്വീകരിക്കുന്നത്. നീര എന്നതു കള്ളല്ലെന്നു ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടും അതിന്റെ ഉത്പാദനതടസ്സങ്ങൾ ലഘൂകരിക്കാൻ അധികൃതർക്കു കഴിയുന്നില്ല. കേര കർഷകർക്കു വിജയമുണ്ടാകണമെങ്കിൽ നീര വാണിജ്യാടിസ്ഥാനത്തിൽ വൻവിജയമായി തീർന്നേ മതിയാകൂ. ഇവിടെ നീര വ്യവസായം വളരരുത് എന്ന് ആഗ്രഹിക്കുന്ന ചിലരെങ്കിലും നമ്മുടെ ഭരണനേതൃത്വത്തിലോ ഉദ്യോഗസ്ഥ നേതൃത്വത്തിലോ ഉണ്ടെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിൽനിന്നുള്ള നീര ഇതിനോടകം കേരള വിപണിയിലെത്തിയിട്ടും അധികൃതർ മൗനം തുടരുകയാണ്. കേരളത്തിന്റെ മികച്ച ആഭ്യന്തര വരുമാനമാർഗമാകുമായിരുന്ന നീരയെ പ്രോത്സാഹിപ്പിക്കാൻ ഇനി നമ്മുടെ ഭരണാധികാരികൾക്ക് എത്രകോടിയാണു കോഴ നൽകേണ്ടതെന്നുകൂടി ഈ അവസരത്തിൽ കേര കർഷകൻ ചിന്തിച്ചാൽ കുറ്റംപറയാനാകുമോ? കയറ്റുമതിയിലൂടെ മികച്ച വരുമാനം സമ്പാദിക്കാനുള്ള ഒരു ഉത്പന്നമായും നീരയെ മാറ്റാൻ കഴിയുമായിരുന്നിട്ടും ബന്ധപ്പെട്ട അധികൃതർ കർത്തവ്യം മറന്നുപോകുന്നുവെന്നുവേണം മനസിലാക്കാൻ.

അതേസമയം നിലവിൽ സംസ്ഥാന കൃഷിവകുപ്പ് വിപണനം നടത്തുന്ന നീരയുടെ ഗുണനിലവാരം കൂടി ഈ അവസരത്തിൽ പരാമർശിക്കേണ്ടിയിരിക്കുന്നു. കേര നീര എന്നപേരിൽ ഹോർട്ടികോർപ്പ് ഔട്ട്ലെറ്റുകളിൽ വിറ്റഴിക്കപ്പെടുന്ന പാനീയം ഐ.എം.എ നമ്മുടെ ആരോഗ്യം പ്രവർത്തകർ വാങ്ങി പൊതുജനങ്ങൾക്കു നൽകിയിരുന്നു. ബോട്ടിലുകളിൽ കാർബണേറ്റ് ചെയ്തു വിൽക്കുന്ന ഈ പാനീയത്തിനു യഥാർഥ നീരയുടെ രുചിയോ നിലവാരമോ ഇല്ലെന്നായിരുന്നു ഭൂരിഭാഗം പേരുടെയും പ്രതികരണം. നീര കാർബണേറ്റ് ചെയ്യുന്നതു അതിന്റെ സ്വാഭാവിക രുചി നഷ്ടപ്പെടുത്തുമെന്നു ഈ രംഗത്തെ വിദഗ്ധരും ചൂണ്ടിക്കാണിക്കുന്നു. അതേസമയം



**വിദേശ രാജ്യങ്ങളിൽ നിന്നുള്ള നീര ഇതിനോടകം കേരള വിപണിയിലെത്തിയിട്ടും അധികൃതർ മൗനം തുടരുകയാണ്. കേരളത്തിന്റെ മികച്ച ആഭ്യന്തര വരുമാന മാർഗമാകുമായിരുന്ന നീരയെ പ്രോത്സാഹിപ്പിക്കാൻ ഇനി നമ്മുടെ ഭരണാധികാരികൾക്ക് എത്ര കോടിയാണു കോഴ നൽകേണ്ടതെന്നു കൂടി ഈ അവസരത്തിൽ കേര കർഷകൻ ചിന്തിച്ചാൽ കുറ്റംപറയാനാകുമോ?**

സംസ്ഥാന കൃഷിവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾക്കു നീര ശേഖരണത്തിനും സംസ്കരണത്തിനും വേണ്ട ശാസ്ത്രീയ സംവിധാനങ്ങളില്ല എന്നതാണു യാഥാർഥ്യം. കൊച്ചി ആസ്ഥാനമായ കേന്ദ്ര നാളീകേര വികസന ബോർഡാണു തികച്ചും ശാസ്ത്രീയമായ രീതിയിൽ കേരളത്തിൽ നീര ഉത്പാദനവും വിപണനവും സാധ്യമാക്കുന്നത്. നാളീകേര വികസന കോർപ്പറേഷൻ നീര കേരള എന്ന പേരിൽ പുറത്തിറക്കുന്ന പാനീയത്തിൽ ആവശ്യത്തിലധികം കരിക്കിൻ വെള്ളവും പ്രിസർവേറ്റീവ്സും കാർബണേറ്റഡ് ഗ്യാസും നിറയ്ക്കുന്നു ണ്ടെന്നു നേരത്തെ തന്നെ ആക്ഷേപമുണ്ട്. കള്ളു ശേഖരിക്കുന്നതുപോലെ മൺപാത്രത്തിന്റെ അടിയിൽ ചുണ്ണാമ്പു തേച്ചാണ് കാർഷിക സർവകലാശാല നീര ശേഖരിക്കുന്നതെന്നാണു മറ്റൊരു അഭിപ്രായം. അതേസമയം പൂങ്കുലയിൽനിന്നു ലഭിക്കുന്ന യഥാർഥ നീരയാണു പുറമേനിന്നു യാതൊരു കൃത്രിമപദാർഥങ്ങളും കലർത്താതെ കേന്ദ്ര നാളീകേര വികസന ബോർഡ് ബോട്ടിൽ ചെയ്തു പുറത്തിറക്കുന്നത്. കാലങ്ങളോളം നീണ്ട പഠനങ്ങൾക്കും പരീക്ഷണങ്ങൾക്കും ശേഷമാണു തികച്ചും ശുദ്ധമായ രീതിയിൽ നീര വിപണിയിലെത്തിക്കാൻ നാളീകേര വികസന ബോർഡിനു സാധിച്ചത്. അതുകൊണ്ടുതന്നെ നീരയുമായ ബന്ധപ്പെട്ട സമഗ്ര വിവരശേഖരണത്തിനു സംസ്ഥാന ഏജൻസികൾക്കു നാളീകേര വികസന ബോർഡിന്റെ സഹായം തേടാവുന്നതേയുള്ളൂ. എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ നാളീകേര വികസന ബോർഡുമായി സഹകരിക്കാൻ നമ്മുടെ കൃഷിവകുപ്പിന്റെ ഈഗോ അനുവദിക്കുന്നില്ല. വേണ്ടത്ര സാങ്കേതിക സൗകര്യങ്ങളില്ലാതെയും ശാസ്ത്രീയരീതികൾ അവലംബിക്കാതെയുമാണ് സ്വന്തം നിലയിൽ നീര ഉത്പാദിപ്പിക്കാനുള്ള ശ്രമത്തിലേക്കു കൃഷിവകുപ്പ് കടന്നിരിക്കുന്നത്. നാളീകേര വികസന ബോർഡിനു നീര ഉത്പാദിപ്പിക്കാമെങ്കിൽ കൃഷിവകുപ്പിന് എന്തുകൊണ്ട് ആയിക്കൂടാ എന്നു ചിന്തിക്കുന്ന നമ്മുടെ മന്ത്രിമാരിൽ അറിയാതെ ഉണരുന്ന ഇൻഫീരിയോറിറ്റി കോംപ്ലക്സും ഈഗോയുമൊന്നും നീര ഉത്പാദനത്തിനു പര്യാപ്തമാകില്ലെന്നു ഓർമിപ്പിക്കട്ടെ. നാളീകേര വികസന ബോർഡിനെതിരെ ഡൽഹിയിൽപോയി കേന്ദ്ര കൃഷിമന്ത്രാലയത്തോടു അടുക്കള വർത്തമാ





നം പറയുന്നതിൽ ഒതുങ്ങുകയാണു നമ്മുടെ നീര സംഘാടനം. കേന്ദ്ര നാളികേര വികസന ബോർഡിനു പുറമേ കേരള കാർഷിക സർവകലാശാല, സംസ്ഥാന നാളീകേര വികസന കോർപ്പറേഷൻ, സംസ്ഥാന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എന്നിവക്കും നാളീകേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന നാളികേര ഉത്പാദകരുടെ സൊസൈറ്റികൾക്കും നാളികേര ഉത്പാദക ഫെഡറേഷനുകൾക്കുമാണ് നിലവിൽ നീര ഉത്പാദിപ്പിക്കുന്നതിനു ലൈസൻസുള്ളത്. പക്ഷേ സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാർഷിക സർവകലാശാല, നാളീകേര വികസനകോർപ്പറേഷൻ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവക്കു ശാസ്ത്രീയമായി നീര ഉത്പാദിപ്പിക്കാൻ കഴിവില്ലായെന്നു അവർ സ്വയം തെളിയിക്കുകയാണ്.

ഇതിനുപിന്നാലെയാണു കൃഷി-എക്സൈസ് വകുപ്പുകൾ തമ്മിലുള്ള തർക്കം. അതിനിടെ സംസ്ഥാനത്തെ നാളീകേര കർഷകരുടെ വികസനം ലക്ഷ്യമിട്ടു കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ നീരക്കുവേണ്ടി പതിനഞ്ചുകോടി രൂപ മാറ്റിവെച്ചിരുന്നു. എന്നാൽ ഇതിൽ ഒരു രൂപപോലും നീര കർഷകർക്കു ലഭിച്ചില്ല. ഈ വർഷത്തെ ബജറ്റിൽ നീരയെക്കുറിച്ചു പരാമർശം പോലും ഇല്ല. അതേസമയം നീര മാർക്കറ്റിംഗിനു മാത്രമായി നഷ്ടത്തെ തുടർന്നു വർഷങ്ങളായി പൂട്ടിക്കിടന്ന സംസ്ഥാന നാളീകേര വികസന കോർപ്പറേഷനെസർക്കാർ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു.

ഇപ്പോൾ കേര നീര എന്ന പാനീയം വിപണനം ചെയ്യുന്നതു നാളീകേര വികസനകോർപ്പറേഷനാണ്. അതേസമയം ഈ കേര നീര ബോട്ടിലിൽ നീര ഉത്പാദിപ്പിച്ച കമ്പനിയുടെ പേരോ ഉത്പാദന തീയതിയോ അനുബന്ധ വിവരങ്ങളോ ചേർത്തിട്ടില്ലെന്നതു മറ്റൊരു വസ്തുത. ഇക്കാര്യത്തിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ശ്രദ്ധ പതിയുമെന്നു പ്രതീക്ഷിക്കുന്നു.

അതേസമയം നീര മദ്യമല്ലെന്നു തെളിഞ്ഞിട്ടും അതിനെ ഒരു പോഷക പാനീയമെന്ന നിലയിൽ വ്യാപാരം വ്യാപകമാക്കാതെ ഇപ്പോഴും അബ്കാരി നിയമത്തിന്റെ കുരുക്കുകളിൽപ്പെടുത്തിയിരിക്കുന്നതു ഖേദകരമാണ്. ലക്ഷദ്വീപിലും ആൻഡമാൻ നിക്കോബാർ ദ്വീപുകളിലും പോണ്ടിച്ചേരിയിലും നീര ഉത്പാദ



നം അബ്കാരി ആക്ടിന്റെ പരിധിയിലല്ല വരുന്നതെന്ന് മനസിലാക്കണം. മഹാരാഷ്ട്രയിലും ഗോവയിലുമൊന്നും നേരത്തെ തന്നെ നീര ഉത്പാദനത്തിനു നിയമതടസ്സമുണ്ടായിരുന്നില്ല. ശ്രീലങ്കയുടെ സ്വന്തം ടെൻഡർ ടോഡി കഴിക്കുന്ന വിദേശികൾ അതിനെ ലങ്കൻ ഷാംപയൻ എന്നുവാഴ്ത്തുന്നു. ഗോവയിലാകട്ടെ അവിടെ കർഷകർക്കു തെങ്ങു ചെത്താം, വിൽക്കാം. കർണാടകയിലും നീര ഉത്പാദനം വ്യാപകമാണ്. പക്ഷേ കേരളത്തിലെ അവസ്ഥക്കു എപ്പോഴാണു മാറ്റമുണ്ടാകുക? സംസ്ഥാനത്തെ കേരകർഷകന് തെങ്ങുകൃഷി നടത്താനും അതിൽനിന്നും തേങ്ങ വെട്ടാനും അവകാശമുള്ളപ്പോൾ തന്നെ വരുമാനമാർഗമെന്ന നിലയിലും ആരോഗ്യദായക പാനീയമെന്ന നിലയിലും നീര ഉത്പാദിപ്പിക്കാനുള്ള അവകാശം വിട്ടുകൊടുക്കുന്നതിനായി നിയമങ്ങൾ കൂടുതൽ ലളിതമാക്കേണ്ടിയിരിക്കുന്നു.

ചെത്താതെ കിട്ടുന്ന കള്ളിനെക്കാൾ അപകടം ലഹരിവിമുക്തവും പോഷകസമൃദ്ധവുമായ നീരയിൽ കണ്ടെത്തുന്നവരുടെ യുക്തിയും സാമാന്യബോധവും പരിശോധിക്കപ്പെടേണ്ടതാണ്. കൃഷിക്കാരനും ചെത്തുതൊഴിലാളിക്കും മികച്ച വരുമാനം നേടിക്കൊടുക്കാൻ കഴിയുന്ന നീരവ്യവസായത്തിനു മദ്യവിരുദ്ധതയുടെ മൂടുപടമണിഞ്ഞ ചില തത്പരകക്ഷികൾ വിലങ്ങുതടിയാകാൻ പാടില്ല. കേരളത്തിലെ നാളീകേര കർഷകർ കള്ളുണ്ടാക്കി മദ്യവിൽപന നടത്താനുള്ള അവകാശമല്ല ചോദിക്കുന്നത്. സ്വന്തം പറമ്പിലെ തെങ്ങിൻ പൂങ്കുലയിലുള്ള പോഷകദ്രാവകം ഉപഭോക്താക്കളിലെത്തിച്ചു വരുമാനം നേടാനുള്ള സാഹചര്യം മാത്രമാണ് അവർക്കു വേണ്ടത്. ലഹരിയുള്ള കള്ളിനും ലഹരിവിമുക്തമായ നീരയ്ക്കും കൃത്യമായ നിർവചനം നൽകി നീരയുടെ വ്യാപകമായ ഉത്പാദനത്തിനും വിപണനത്തിനും അനുകൂലമായ സാഹചര്യം സർക്കാർ സൃഷ്ടിക്കണം. കള്ളുണ്ടാക്കി വിൽക്കുന്നതിലും ഇരട്ടിയിലേറെ വില നീരയിൽ നിന്നും നീരയുടെ മൂല്യവർധിത വസ്തുക്കളിൽനിന്നും ലഭിക്കുമ്പോൾ ആരാണ് നീരയെ കള്ളാക്കി വിൽക്കാൻ മെനക്കെടുന്നത് എന്നു സാമാന്യയുക്തിയിൽ ചിന്തിക്കുന്നതും നന്നായിരിക്കും.

നീരയിലൂടെ സൃഷ്ടിക്കപ്പെടുന്ന വരുമാനത്തിന്റെ സാധ്യതകളെക്കുറിച്ചു വാനം മുട്ടുന്ന പ്രതീക്ഷകളാണു കേരകർഷക സമൂഹത്തിനുള്ളത്. ഈ പ്രതീക്ഷകൾക്കു കോട്ടം വരാതിരിക്കണമെങ്കിൽ നീരയുടെ അഗ്രി ബിസിനസ് സാധ്യതകൾ പ്രോത്സാഹിപ്പിക്കപ്പെടണം. സംസ്ഥാനത്തു നീരാ കോർപ്പറേഷൻ എന്നപേരിൽ സ്വയംഭരണ സംവിധാനം രൂപീകരിക്കണമെന്ന ആവശ്യം ഉയർന്നിരുന്നെങ്കിലും അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഇതിനു പിന്നാലെയാണ് നീര ഉത്പാദക കമ്പനികൾ നേരിടുന്ന കടുത്ത പ്രതിസന്ധി. നീര ഫെഡറേഷനുകൾക്കും ഉത്പാദക കമ്പനികൾക്കും സാമ്പത്തിക സഹായം നൽകാൻ ബാങ്കുകൾ തയ്യാറാകാത്തതും സർക്കാരിന്റെ പിന്തുണ ലഭിക്കാത്തതുമാണ് കമ്പനികളെ പ്രതിസന്ധിയിലാക്കുന്നത്. പ്രോസസിംഗ് യന്ത്രങ്ങൾ വാങ്ങാൻ ലക്ഷങ്ങളാണു ചെലവു വരുന്നത്. അഞ്ചുവർഷത്തെ തിരിച്ചടവ് ക്രമം അനുസരിച്ചാണ് മിക്ക ബാങ്കുകളും വായ്പ നൽകുന്നത്. എന്നാൽ കമ്പനികൾക്കു ഒരുവർഷത്തെ പ്രവർ



ത്തനാനുമതിയാണ് സർക്കാർ നൽകുന്നതു എന്നതിനാൽ അഞ്ചുവർഷം തിരിച്ചടയ്ക്കൽ കാലാവധിയുള്ള വായ്പ നൽകാൻ ബാങ്കുകൾ തയ്യാറാകുന്നില്ല. ഈ സാഹചര്യത്തിൽ ലൈസൻസ് കാലാവധി അഞ്ചുവർഷമായി നീട്ടിക്കിട്ടണമെന്നു കമ്പനികൾ ആവശ്യപ്പെടുന്നു.

നീര മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല എന്നതാണു മറ്റൊരു പ്രധാനപ്പെട്ടകാര്യം. വ്യവസായ വകുപ്പിന്റെയോ ധനവകുപ്പിന്റെയോ സംരഭകത്വ പട്ടികയിലൊന്നും ഇതുവരെ നീര ഇടം തേടിയിട്ടില്ല. മേൽപറഞ്ഞ ഏജൻസികൾക്കു പുറമേ സ്വകാര്യ സംരംഭകർക്കോ കമ്പനികൾക്കോ സഹകരണ സ്ഥാപനങ്ങൾക്കോ നീര ഉത്പാദിപ്പിക്കാനും വിപണനം ചെയ്യാനുമുള്ള അനുമതിയില്ല. നീരയുടെയും അതിൽനിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളുടെയും വിപണിയിൽ അതിവേഗത്തിലുള്ള ഒരു വളർച്ച സർക്കാർ ആഗ്രഹിക്കുന്നില്ലെന്നുതന്നെയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

കേരളത്തിലെ നാളീകേര കർഷകരുടെ ദുരിതങ്ങൾക്കു പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര നാളീകേര വികസനബോർഡ് അടക്കമുള്ള ഏജൻസികളുടെ നേതൃത്വത്തിൽ കാലങ്ങളായി നടന്ന ഗവേഷണത്തിനൊടുവിലാണു നീര ഉത്പാദിപ്പിക്കാനുള്ള സാങ്കേതിക വിദ്യ ഉരിത്തിരിഞ്ഞത്. കേരകർഷകന്റെ വളർച്ചക്കു തുരങ്കം വയ്ക്കുന്ന, നീരയെ മുളയിലെ നുള്ളുകവഴി കുത്തകകോള കമ്പനികളുടെ ശീതളപാനീയങ്ങൾക്കു കൂടുതൽ വിപണി കണ്ടെത്താൻ അവസരം ഒരുക്കുന്ന, രാസപാനീയങ്ങളിൽ അഭിരമിച്ചു ആരോഗ്യമില്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കുന്ന, സ്വന്തം കാർഷിക സംസ്കാരത്തെപ്പോലും സംരക്ഷിക്കാൻ കൂട്ടാക്കാത്ത ചിലർ ഇപ്പോഴും കാർഷിക അധികാരത്തിന്റെ വിവിധ കോണുകളിൽ തുടരുകയാണ്. അവരാണ് ഈ ഉദാസീനതക്കു പിന്നിൽ. നീര ഉത്പാദനവും വിപണനവും ഈ നാട്ടിലെ സാധാരണക്കാരനായ ഓരോ നാളികേര കർഷകന്റെയും അവകാശമാണെന്നും അവനു സ്വയം സമ്പാദിക്കുന്നതിനൊപ്പം നാടിന്റെ സമ്പദ് വളർച്ചയിൽ പങ്കാളിയാകാനുമുള്ള അവസരം നിഷേധിക്കുകയാണെന്നുമുള്ള തിരിച്ചറിവിൽ, കേരളത്തിൽ നീര വിപ്ലവം സാധ്യമാക്കാൻ നാളികേര കർഷകർ ഒന്നടങ്കം രംഗത്തുവന്നു പ്രതികരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പ്രത്യേക ലേഖകൻ
പ്രജോദ് കടയ്ക്കൽ